(സി) 1-4-85-ലെ ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കും ?

ഉത്തരം

(എ) ഇല്ല.

(ബി) സീനിയോർട്ടി ലിസ്റ്റ് അപ്പഴപ്പോൾ പ്രസിദ്ധീകരിക്കാൻ വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ട്.

(സി) 1-4-85-ലെ സീനിയോർറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടികൾ എടുത്തുവരുന്നു. കഴിയുന്നതും വേഗതയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പഞ്ചായത്ത് റോഡുകൾ തുടങ്ങിയവ നന്നാക്കുന്നതിന് ദുരിതാശ്വാസ നിധിയിൽ നിന്ന് ലഭിച്ച തുക

282 [597] ശ്രീ. സി .വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രകൃതിക്ഷോഭം മൂലം കേടുപാടുകൾ സംഭവിച്ച പഞ്ചായത്തുറോഡുകൾ, കിണറുകൾ, കുളങ്ങൾ, പാലങ്ങൾ എന്നിവ നന്നാക്കുന്നതിന് പഞ്ചായത്തു വകുപ്പിന് കേന്ദ്ര ഗവൺമെൻറിന്റെ ദുരിതാശ്വാസനിധിയിൽനിന്ന് എത്ര രൂപ ലഭിച്ചു;

(ബി) ഈ ആവശ്യത്തിന് ഓരോ ജില്ലയ്ക്കും എ[illegible]തുക വീതം നൽകി ; ജില്ല തിരിച്ചിട്ടുള്ള കണക്കുവെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 50 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഈ തുക ജില്ലകൾക്ക് ഇതുവരെ വീതിച്ചു കൊടുത്തിട്ടില്ല.

വീഴില്ലി—മംഗലം റോഡിലെ പാലം

283 [598] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വളരെ പ്രധാനപ്പെട്ടതും രണ്ടു താലൂക്കുകളെ ബന്ധിപ്പിക്കുന്നതുമായ വീഴില്ലി മംഗലം റോഡിലെ പാലം ഒലിച്ചു പോയത് പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത പാലത്തിന്റെ പണി തുടങ്ങുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly